"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് - ജീവനക്കാര്യം - ഡോക്ടർ സഞ്ജീവ് വി. തോമസ്-നെ പുനർനിയമന അടിസ്ഥാനത്തിൽ ഡയറക്ടറായി നിയമിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(കൈ) നം.284/2022/H&FWD തീയതി,തിരുവനന്തപുരം, 15-12-2022

---

പരാമർശം:-

1. 02.07.2021 ലെ സ.ഉ.(സാധാ) 1413/2021/ആ.കു.വ നമ്പർ ഉത്തരവ്
2. 19.10.2016 ലെ സ.ഉ.(അച്ചടി) 159/2016/ധന നമ്പർ ഉത്തരവ്
3. ഐക്കോൺസ് ഡയറക്ടറുടെ 26.07.2022 തീയതിയിലെ Estt/2022/ICCONS-Tvm (1) എന്ന നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം, 16.08.2021 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന ,ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിലെ ന്യൂറോളജി വകുപ്പിലെ ന്യൂറോളജി പ്രൊഫസറായ ഡോക്ടർ സഞ്ജീവ് വി. തോമസ്, 31.12.2021-ൽ ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ നിന്നും അടിത്തൂൺ പറ്റി പിരിഞ്ഞ സാഹചര്യത്തിൽ, ഒരു വിദഗ്ധനായ ന്യൂറോളജിസ്റ്റ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവൃത്തിപരിചയം കണക്കിലെടുത്ത്, ഡോക്ടർ സഞ്ജീവ് വി. തോമസ്-നെ 01.01.2022 മുതൽ മുൻകാല പ്രാബല്യത്തോടെ പുനർനിയമന അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം-III ചട്ടം 100 പ്രകാരം ശമ്പളവും അലവൻസും നിശ്ചയിച്ചു കൊണ്ട് ഐക്കോൺസ് ഡയറക്ടറായി നിയമിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഡോ.സഞ്ജീവ് വി. തോമസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ്, പുലയനാർക്കോട്ട, തിരുവനന്തപുരം

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ്, പുലയനാർക്കോട്ട, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -ബി) വകുപ്പ് (U.O.(R) No.2054589/HLT-B3/197/2022-Fin തീയതി 11.05.2022)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 1242 തീയതി 14.12.2022)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : മുഖ്യമന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

**Signed by P K Santhosh**
**Date: 16-12-2022 12:55:16**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-12-2022

ഫയൽ നം. പി3/26/2021/ആ.കു.വ. ഇനം നം: 1242

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് ഡയറക്ടറായി ഡോ. സഞ്ജീവ് വി തോമസിനെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

14/12

15/12

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | പി3/26/2021/ ആ.കു.വ |
| 2. | വകുപ്പ് | ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ് |
| 3. | വിഷയം | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് ഡയറക്ടറായി ഡോ.സഞ്ജീവ്. വി.തോമസിനെ നിയമിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.09.2022 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ. അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (വിജിലൻസ് വകുപ്പ്) |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ബി.സുരേന്ദ്രൻ പിള്ള |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02.12.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.12.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.12.2022 |

| | | |
|---|---|---|
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.12.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 14.12.2022 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ഡയറക്ടറുടെ നിയമനം സംബന്ധിച്ചിട്ടുള്ളതാണ് ഈ കുറിപ്പ്.

2. 02.07.2021 ലെ സ.ഉ(സാധാ)1413/2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ന്യൂറോളജി വകുപ്പിലെ ന്യൂറോളജി പ്രൊഫസറായിരുന്ന ഡോക്ടർ സഞ്ജീവ്.വി.തോമസിനെ ഐക്കോൺസ് ഡയറക്ടറായി നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷ കാലാവധിയിലേക്ക് നിയമിച്ചു. അദ്ദേഹം 16.08.2021 ൽ ഐക്കോൺസ് ഡയറക്ടറായി സ്ഥാനമേൽക്കുകയും 31.12.2021 ൽ ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ നിന്നും അടിസ്ഥാന പറ്റി പിരിയുകയും ചെയ്തു.

3. ഒരു വിദഗ്ധനായ ന്യൂറോളജിസ്റ്റ് എന്ന നിലയിലുള്ള പരിചയവും, ഐക്കോൺസിലെ പ്രവർത്തി പരിചയവും കണക്കിലെടുത്ത്, ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതിനാലും ടിയാൻ അടിസ്ഥാന പറ്റി പിരിഞ്ഞതിനു ശേഷവും ഐക്കോൺസിൽ ഡയറക്ടറായി സേവനം തുടർന്നു വരുന്നു. ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്ക്നോളജിയിൽ നിന്നും അടിസ്ഥാന പറ്റി പിരിഞ്ഞതിനാൽ ടിയാന്റെ ഐക്കോൺസ് ഡയറക്ടറായുള്ള അന്യത്ര സേവനം സാധ്യമല്ലാത്ത സാഹചര്യത്തിൽ 01.01.2022 മുതൽ ടിയാന്റെ സേവനം റി എംപ്ലോയ്മെന്റ് ആയോ കരാർ അടിസ്ഥാനത്തിലോ പരിഗണിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

4. 01.01.2022 മുതൽ ടിയാൻ ഐക്കോൺസ് ഡയറക്ടറായി ശമ്പള രഹിത സേവനം അനുഷ്ഠിച്ചു വരികയാണ്. കരാറടിസ്ഥാനത്തിൽ പ്രതിമാസം 1,50,000/- രൂപ കരാർ വേതനത്തിൽ ടിയാളെ നിയമിക്കുന്ന വിഷയത്തിൽ കരാർ വേതനത്തിനാണോ പുനർ നിയമന വേതനത്തിനാണോ 1,50,000/- രൂപ എന്നത് വ്യക്തത വരുത്തി ഡോക്ടർ സഞ്ജീവ്.വി തോമസിനെ ഐക്കോൺസ്

ഡയറക്ടറായി നിയമിക്കുന്ന വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. തുടർന്ന് ഡോക്ടർ സഞ്ജീവ്.വി തോമസിനെ കരാർ അടിസ്ഥാനത്തിൽ ഐക്കോൺസ് ഡയറക്ടറായി നിയമിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം അറിയിക്കുകയും ചെയ്തിരുന്നു.

'Finance agrees to appoint Dr. Sanjeev. V. Thomas on contract basis with a fixed monthly consolidated pay of Rs. 1,50,000/- with retrospective effect from 01.01.2022 subject to the condition mentioned in Para 2(5) of GO (P) No.81/2019/Fin dated 09.07.2019.

This has the approval of Hon'ble Minister (Finance)'.

ഇക്കാര്യങ്ങൾ പരിശോധിച്ചതിനു ശേഷം, ഡോക്ടർ സഞ്ജീവ്.വി തോമസിനെ ഐക്കോൺസ് ഡയറക്ടറായി 01.01.2022 പ്രാബല്യത്തിൽ പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. ഡോക്ടർ സഞ്ജീവ്.വി തോമസിനെ ഐക്കോൺസ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് മുൻപ് അറിയിച്ചിട്ടുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.

'Administrative Department is informed as follows:

As per Circular No. 530/SC1/2020/ GA (SC) dated 14/10/2020 and Circular No. 64/2020/Fin dated 30/10/2020,

- All proposals for appointment on re-employment should be brought before the Council of Ministers as per 45(i)(ii) of the Rules of Business.
- Appointment on re-employment basis should be made only after obtaining the prior approval of the Council of Ministers.
- Proposals for appointment on re-employment basis should be brought before the Council of Ministers only after obtaining vigilance clearance and also in consultation with the Finance Department.

Since Dr. Sanjeev. V. Thomas has been continuing in the post of Director in ICCONS even after his retirement on 31.12.2021 and if AD

decides to consider his appointment from 01.01.2022 as re-employment, such appointment made on re-employment basis needs the ratification of the Cabinet by strictly following the conditions stipulated in Circular No. 530/SC1/2020/GA(SC) dated 14/10/2020 and Circular No. 64/2020/Fin dated dated 30/10/2020. After obtaining the ratification of the Cabinet, his pay and allowance may be fixed as per G.O.(P). No.159/2016/Fin dated 19.10.2016. As per this G.O, the re-employed pay of the employee who retired from a post with pay scales currently in force will be the pay drawn at the time of retirement minus basic pension. Hence the total of existing pay and pension of such re-employed employee shall not exceed the amount drawn as last salary while he was in service. Re-employed pensioners are entitled to the benefit of;

- HRA if any, applicable from time to time on the pay at the time of retirement and at the rate as admissible in his present office. It shall be calculated taking into consideration the corresponding revised scale of pay of the post from which the pensioner retired.
- DA on re-employment pay shall be admissible as per the rate prevailing in their parent departments.
- He is eligible for pension and admissible DR on pension.
- He is eligible for annual increment and not eligible for stagnation increment.'

5. ഡോക്ടർ സഞ്ജീവ്.വി തോമസിനെ ഐക്കോൺസ് ഡയറക്ടറായി നിയമിക്കു ന്നതിന് വിജിലൻസ് വകുപ്പിൽ നിന്നും 'വിജിലൻസ് ക്ലിയറൻസ്' ആവശ്യപ്പെട്ടുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

'Vigilance Clearance is given for the appointment of Dr. Sanjeev.V.Thomas retired Professor of Neurology, Sree Chithira Thirunal Institute of Medical Science and Technology, Thiruvananthapuram as the

Director, Institute for Communicative and Cognitive Neuro sciences (ICCONS) on re employment basis.

This has the approval of the Additional Chief Secretary to Government (Home & Vigilance) .'

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പ് സമ്മതിച്ച പ്രകാരം, ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ന്യൂറോസർജറി വകുപ്പിൽ നിന്നും അടിത്തുൺ പറ്റി പിരിഞ്ഞ ഡോക്ടർ സഞ്ജീവ്.വി.തോമസിനെ 01.01.2022 മുതൽ മുൻകാല പ്രാബല്യത്തോടെ പുനർ നിയമന അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം-III ചട്ടം 100 പ്രകാരം ശമ്പളവും അലവൻസും നിശ്ചയിച്ച് കൊണ്ട് ഐക്കോൺസ് ഡയറക്ടറായി നിയമിക്കാമോ ?